പതിനാലാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1232 04/02/2019 മറുപടിയ്ക്ക്

## സ്കൂൾ പ്രവൃത്തി ദിവസങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളുടെ അക്കാഡമിക് കലണ്ടർ പ്രകാരം 2018-19-ൽ സ്കൂളുകൾക്ക് എത്ര പ്രവൃത്തി ദിവസമാണ് നിശ്ചയിച്ചിട്ടുള്ളത്; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിലും ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലും സ്കൂളുകളുടെ അക്കാഡമിക് കലണ്ടർ പ്രകാരം 2018-19-ൽ 200 പ്രവർത്തി ദിവസമാണ് നിശ്ചയി ച്ചിട്ടുള്ളത്.<br>വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 222 പ്രവർത്തി ദിവസമാണ് ഉള്ളത് |
| (ബി) സംസ്ഥാനത്തുണ്ടായ പ്രളയവും ഇടക്കിടെയുണ്ടാകുന്ന ഹർത്താലുകളും പണിമുടക്കുകളും മൂലം അദ്ധ്യയന ദിവസങ്ങളിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ സംസ്ഥാന ത്തുണ്ടായ പ്രളയവും ഇടക്കിടെയുണ്ടാകുന്ന ഹർത്താലുകളും പണിമുടക്കുകളും മൂലം അദ്ധ്യയന ദിവസങ്ങളിലുണ്ടാകുന്ന കുറവ് പരി ഹരിക്കുന്നതിന് സാദ്ധ്യായ ദിന ങ്ങളിൽ അധിക സമയം കണ്ടെത്തിയും പരമാവധി ശനിയാഴ്ച്ചകളെ ഉൾപ്പെട്ടു ത്തിയും ക്ലാസുകൾ നടത്തി കുറവുണ്ടായിട്ടുള്ള ദിനങ്ങളിലെ ക്ലാസ്സുകൾക്ക് പരിഹാരം കാണാനുള്ള ശ്രമം നടന്നു വരുന്നു.<br>ഹയർ സെക്കന്ററി വിഭാഗത്തിൽ ഇത് നികത്തുന്നതിനായി തുടർന്നു വരുന്ന ശനിയാഴ്ച്ചകളെ പ്രവൃത്തി ദിന മാക്കിക്കൊണ്ട് ബന്ധപ്പെട്ട ആർ.ഡി.ഡി മാർ പ്രഖ്യാപിച്ചിട്ടുണ്ട്.<br>വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ശനിയാഴ്ച്ചയും പ്രവൃത്തി ദിവസമാണ്. |
| (സി) ഹർത്താലിൽ നിന്നും സ്കൂളുകളെ ഒഴിവാക്കണമെന്ന നിർദ്ദേശം രാഷ്ട്രീയ കക്ഷികളുമായി ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) ഹർത്താലിൽ നിന്നും സ്കൂളുകളെ ഒഴിവാക്കണമെന്ന നിർദ്ദേശം സർക്കാർ തലത്തിൽ ഇപ്പോൾ പരിഗണിക്കുന്നില്ല |

സെക്ഷൻ ഓഫീസർ